प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

മെയ് 31, 2019

**കാൺപൂർ (യു.പി.) യിലെ ഓർഡനൻസ് എക്വിപ്മെൻറ് ഫാക്ടറി പ്രാരംഭിക് സഹകാരിബാങ്ക് ലിമിറ്റഡിനുമേൽ പിഴ ചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്കു ബാധകമാംവിധം സെക്ഷൻ 47A (1) (c) ഒപ്പം 46(4) എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച്, ആർബിഐ, കാൺപൂറിലെ (യു.പി.) ഓർഡനൻസ് എക്വിപ്മെന്റ് ഫാക്ടറി പ്രാരംഭിക് സഹകാരി ബാങ്ക് ലിമിറ്റഡിനുമേൽ 2,00,000 /- രൂപ (രണ്ടുലക്ഷം രൂപ മാത്രം) യുടെ പണപ്പിഴ ചുമത്തി. ഇൻറർ ബാങ്ക് ഗ്രോസ്സ് ആന്റ് കൗണ്ടർ പാർട്ടി എക്സ്പോഷർ ലിമിറ്റുകളിന്മേലുള്ള പ്രുഡൻഷ്യൽ നോംസ്, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളിലെ അംഗത്വം എന്നിവ സംബന്ധിച്ച ആർബിഐ ഉത്തരവുകളും നിർദ്ദേശങ്ങളും ലംഘിച്ചതിനാണ് ഈ പിഴചുമത്തിയത്.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, സഹകരണ ബാങ്കിന് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിന് ബാങ്ക് രേഖാമൂലമുള്ള ഒരു മറുപടിയും സമർപ്പിച്ചില്ല. കേസിലെ വസ്തുതകൾ പരിഗണിച്ചതിൽ, ലംഘനങ്ങൾ സാരവത്താണെന്നും, പിഴചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള തീരുമാനത്തിൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ എത്തുകയായിരുന്നു.

**അജിത്പ്രസാദ്**
അസിസ്റ്റൻറ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2018-2019/2828.**